# മെട്രോ സൈക്കിൾ പദ്ധതിക്ക് തുടക്കം

**കൊച്ചി:** നഗരത്തിൽ ഇനി മെട്രോ സൈക്കിളിലും യാത്ര ചെയ്യാം. കൊച്ചിയിൽ നാലിടങ്ങളിൽ സൈക്കിൾ ലഭ്യമാക്കുന്ന പദ്ധതിക്ക് പരിസ്ഥിതിദിനത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) തുടക്കം കുറിച്ചു.

മാനേജിങ് ഡയറക്ടർ ഏലിയാസ് ജോർജ് സൈക്കിളിൽ യാത്ര ചെയ്തായിരുന്നു ഉദ്ഘാടനം. മേനകയിൽ കെ.ടി.ഡി.സി. ക്ക് സമീപം, നോർത്ത് റെയിൽവേ സ്റ്റേഷനിൽ പാലത്തിന് താഴെ, കലൂരിൽ കടവന്ത്ര റോഡിൽ സ്വകാര്യ ബസ് സ്റ്റാൻഡിന് എതിർവശം, സൗത്ത് റെയിൽവേ സ്റ്റേഷനിൽ വിവേകാനന്ദ റോഡിൽ സ്റ്റേഷനിലേക്കുള്ള പ്രവേശനകവാടത്തിന് സമീപം എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

സൗജന്യമായാണ് സൈക്കിൾ നൽകുന്നത്. അഥിസ് സൈക്കിൾ ക്ലബ്ബിന്റെ നേതൃത്വത്തിലാണ് പദ്ധതി. സൈക്കിൾ യാത്ര ആഗ്രഹിക്കുന്നവർ സൈക്കിൾ ക്ലബ്ബുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്താൽ മതി.



മെട്രോ സൈക്കിൾ പദ്ധതിയുടെ ഉദ്ഘാടനം കെ.എം.ആർ.എൽ. മാനേജിങ് ഡയറക്ടർ ഏലിയാസ് ജോർജ് നിർവഹിച്ചപ്പോൾ